ശ്രീ. കെ- എ. മാമോദര മേനോൻ : കേന്ദ്രഗവണ്മെൻറ് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ വില കർഷകർക്ക് കിട്ടാനുള്ള ഏർപ്പാടുകളും ഉണ്ടെന്നാണ് അറിയുന്നത്. റബ്ബർ ബോർഡ് ആ കാര്യം നോക്കിവരികയാണ്. ഏതെങ്കിലും ചില മാസങ്ങളിൽ പെട്ടെന്ന വില കുറയുന്നുണ്ടോ എന്ന നിശ്ചയമില്ല. ഇവിടത്തെ ഉൽപാദനം ഇവിടത്തെ ആവശ്യത്തിന മതിയാകാതിരിക്കുന്നിടത്തോളം കാലം അങ്ങനെയൊരു ബുദ്ധിമുട്ടവരാൻ ഇടയില്ല. വല്ല പ്രയാസവും ഇതു സംബന്ധിച്ചുണ്ടാകുന്നുണ്ടോ എന്ന പരിശോധിക്കാം.

ഫോറസ്റ്റ് വർക്കേഴ്സ് എസ്റ്റാബ്ലിഷ്മെൻറ് സ്റ്റാഫ് അസോസിയേഷൻറെ മെമ്മോറാണ്ടം

* 398. [5] ശ്രീ. എസ്, കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളസ്റ്റേറ്റ് ഫോറസ്റ്റ് വർക്കേഴ്സ് എസ്റ്റാബ്ലിഷ്മെൻറ് സ്റ്റാഫ് അസോസിയേഷനിൽനിന്നും അടുത്ത കാലത്തു ഗവണ്മെൻറിനു ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിലുന്നയിച്ച പ്രധാന ആവശ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളും ഗവണ്മെൻറ് കൈക്കൊള്ളുകയുണ്ടായി ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടായി.

(ബി) (1) സ്ക്രീനിംഗ് ടെസ്റ്റിൽ പരീക്ഷായോഗ്യതയും, രണ്ടും അതിലധികവും വർഷം സർവ്വീസുമുള്ള വാച്ചർമാരെ വയഃക്ലിപ്തിയിൽനിന്നും ഒഴിവാക്കി, ഡിപ്പാർട്ടുമെൻറിൽ ഫോറസ്റ്റ് ഗാർഡായി നിയമിക്കണം.

(2) ഫോറസ്റ്റ് ഗാർഡുകളുടെ ഒഴിവുണ്ടാകുമ്പോൾ, വാച്ചർ, മേസ്ത്രിരി മുതലായവരെ യോഗ്യതാനുസരണം പ്രമോട്ടു ചെയ്തതിനു ശേഷം മേപുറമേനിന്ന ആളുകളെ നിയമിക്കാവൂ.

(3) വാളയാറിലുള്ള ഫോറസ്റ്റ് സ്കൂളിലേക്ക് വിദ്യാഭ്യാസയോഗ്യതയുള്ള വാർഡറന്മാരെ ട്രെയിനിംഗിനു അയയ്ക്കണം.

(4) മലബാർഭാഗത്തുള്ളതുപോലെ വാച്ചർമാർക്ക് പെൻഷൻ നൽകണം.

(സി) നിലവിലുള്ള ചട്ടങ്ങളും അനുസരിച്ച് രണ്ടാം ഗ്രേഡ് ഫോറസ്റ്റ് ഗാർഡുമാരുടെ ഒഴിവുകളിൽ 15 ശതമാനം ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ മേസ്ത്രിരി, വാച്ചർ, ലാസ്കർ എന്നീ ജീവനക്കാർക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ട്. ഈ 15 ശതമാനം ഒഴിവുകളിലേക്ക്, മുപ്പതു വയസ്സിൽ കവിയാത്തവരും, കുറഞ്ഞതു രണ്ടുവർഷത്തെ സർവ്വീസുള്ളവരുമായ വാച്ചർ, ലാസ്കർ, മേസ്ത്രിരി തുടങ്ങിയവരെ പബ്ലിക്സർവ്വീസുകമ്മിഷൻവഴി നിയമിക്കുന്നുണ്ട്. ഇവർക്ക വിദ്യാഭ്യാസയോഗ്യതയായി അക്ഷരജ്ഞാനംമാത്രം മതിയാകുന്നതാണ്. ശാരീരികമായി 5 അടി 4 ഇഞ്ച് പൊക്കം, 31 ഇഞ്ച് വണ്ണം, പൂർണ്ണശ്വാസത്തിൽ 2 അടി നെഞ്ച് വിരിവ് എന്നിവ കുറഞ്ഞ യോഗ്യതയായി നിശ്ചയിച്ചിട്ടുണ്ട്. ഈ ചട്ടങ്ങളുടെ വെളിച്ചത്തിൽ മെമ്മോറാണ്ടത്തിൽ ഉന്നയിച്ചിരുന്ന ഒന്നും, രണ്ടും ഇനങ്ങളും പരിഗണനാർഹമാണെന്ന ഗവണ്മെൻറ് കരുതുന്നില്ല.

വാച്ചറന്മാരെ ട്രെയിനിംഗിനു നിയോഗിക്കേണ്ട ആവശ്യമുണ്ടെന്നു ഗവണ്മെൻറിനു തോന്നുന്നില്ല. മലബാർ പ്രദേശത്തു വാച്ചർമാർക്ക പെൻഷൻ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ് : ഈയിടെ, ഫാറസ്റ്റ് ഡിപ്പാർട്ട്മെൻറിൽനിന്നും 12 ഉദ്യോഗസ്ഥന്മാരെ തിരഞ്ഞെടുത്തു് ഒരുലക്ഷം രൂപവരെ ചെലവുചെയ്തു പരിശീലനം നൽകുകയും, ഇപ്പോഴും, അവരെ നിയമിക്കാൻ സാധിക്കാത്ത ഒരു പരിതഃസ്ഥിതി വരികയും ചെയ്തിട്ടുണ്ടോ ; ഈ കാര്യത്തിൽ ഗവണ്മെൻറ് എന്തു നടപടി എടുത്തു ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഈ ചോദ്യം ഫാറസ്റ്റ് ഗാർഡ് സിനെ സംബന്ധിച്ചതാണു്. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു് റെയിഞ്ചർമാരുടെ ട്രെയിനിംഗിനെ സംബന്ധിച്ചാണു്. വേക്കൻസി ഇല്ലാത്തതുകൊണ്ടാണു് നിയമനം കൊടുക്കാത്തതു്. അവരെ നിയമിക്കുന്നതിനുള്ള നടപടികളും ഇപ്പോൾ എടുത്തു വരികയാണു്.

ശ്രീ. എസ്. കുമാരൻ : നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ളവർക്കു് മറ്റു ഡിപ്പാർട്ടുമെൻറുകളിലെന്നപോലെ പ്രമോഷൻ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ ഗാർഡ്സിനു എന്തുകൊണ്ടു് നൽകിക്കൂടാ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അങ്ങനെയുള്ളവർക്കു 15 ശതമാനം റിസർവ്വു് ചെയ്തിട്ടുണ്ടു്. ആ സീറ്റുകളിലേക്കു് പി. എസ്. സി. വഴി നിയമനം നടത്തുകൊണ്ടിരിക്കുകയാണു്.

ആശുപത്രിയിലെ ഡാക്ടർമാരുടെ കുറവു്

* 399. [6] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്നു് എല്ലാ ആശുപത്രികളിലും അവിടത്തെ സാംക്ഷൻഡ് സ്ട്രെങ്തനുസരിച്ചുള്ള ഡാക്ടർമാരുണ്ടോ ;

(ബി) ആകെ എത്ര ഡാക്ടർമാരുടെ കുറവുണ്ടു് ;

(സി) മുളംകുന്നത്തുകാവു് ടി. ബി. സാനിട്ടോറിയത്തിൽ എത്ര ഡാക്ടർമാരാണു് ഇന്നുള്ളതു് ;

(ഡി) എത്ര പേർ കുറവുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഇല്ല.

(ബി) 36.

(സി, ഡി) ഇപ്പോൾ മേൽപടി സ്ഥാപനത്തിൻറെ bed strength 288 ആണു്. അതുപ്രകാരം 7 ഡാക്ടർമാരെക്കൂടി നിയമിക്കാം.

ശ്രീ. ഈ പി. ഗോപാലൻ : ഇങ്ങനെ കുറവുവന്നിട്ടുള്ള കൂട്ടത്തിൽ 'ഈ. എൻ. ടി.' സ്പെഷ്യലിസ്റ്റു്, 'ഐ' സ്പെഷ്യലിസ്റ്റു് തുടങ്ങിയ സ്പെഷ്യലിസ്റ്റുകളുടെ കുറവു വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ജനറൽ വിഭാഗത്തിൽ പ്രവർത്തിക്കുന്ന ഇത്തരം സ്പെഷ്യലിസ്റ്റുകളെ അവരുടെ സ്പെഷ്യലിസ്റ്റു തസ്തികയിലേക്കു് നിയമിക്കുന്നതിനുള്ള നടപടിയെടുക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 36 പേർ എന്നു പറഞ്ഞതിൽ സ്പെഷ്യലിസ്റ്റുകളും പെടും. ഈ. എൻ. ടി. സ്പെഷ്യലിസ്റ്റുകളും ഇങ്ങനെ ജനറൽ സർവ്വീസിനു പോകാറില്ല.

ശ്രീ. പി. ആർ. കൃഷ്ണൻ : മുളംകുന്നത്തുകാവു് സാനിട്ടോറിയത്തിൽ ഡാക്ടർമാരെ കുറച്ചു നിയമിക്കുവാൻ വല്ല പ്രത്യേക കാരണങ്ങളുമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly